"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ - ബോട്ടണി വിഭാഗം പൊതു സ്ഥലം മാറ്റം 2022-2023 ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ എ1/22744/2022 /കോ വി വ തീയതി 31/05/2022**

പരാമർശം:1.ഈ ഓഫീസിലെ 29/04/2022ലെയും 07/05/2022ലെയും തീയതിയിലെ എ1/12244/2022/കോവിവ നമ്പർ സർക്കുലർ
2.24/05/2022 തീയതിയിലെ എ1/22744/2022/കോവിവ നമ്പർ നടപടിക്രമം

**ഉത്തരവ്**

സർക്കാർ കോളേജുകളിലെ ബോട്ടണി വിഭാഗം അദ്ധ്യാപകരുടെ 2022-2023 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം 2 പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് 29/05/2022 തീയതി 5 പിഎം-നകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു.ആയതനുസരിച്ച് അധ്യാപകരിൽ നിന്നും പരാതികൾ ഒന്നും ലഭിക്കാത്തതിനാൽ ചുവടെ കാണുന്ന പ്രകാരം ബോട്ടണി വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു .

| ക്രമ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന സ്ഥാപനം |
|---|---|---|
| 1 | ഡോ.സന്ധ്യ ജി.എസ് ഗവണ്മെന്റ് കോളേജ് ഫോർ വിമെൻ തിരുവനന്തപുരം ( അപേക്ഷ) | യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം (ശ്രീ.എസ്. ശശികുമാർ 31/05/2022ന് വിരമിക്കുന്ന ഒഴിവിൽ) |
| 2 | ശ്രീ.ബോസ്കോ ലോറൻസ് ഗവ ആർട്സ് കോളേജ് തിരുവനന്തപുരം ( അപേക്ഷ) | ഗവണ്മെന്റ് കോളേജ് ഫോർ വിമെൻ തിരുവനന്തപുരം (ഡോ.സന്ധ്യ ജി.എസ്-ന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ ) |
| 3 | ശ്രീമതി.സ്മിത സി.കെ എസ്.എൻ.ജി.എസ് കോളേജ് പട്ടാമ്പി ( അപേക്ഷ) | ഗവ ആർട്സ് കോളേജ് തിരുവനന്തപുരം (ശ്രീ.ബോസ്കോ ലോറൻസിനു സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ ) |
| 4 | ശ്രീ.ജയകൃഷ്ണൻ ടി എസ്.എൻ.ജി.എസ് കോളേജ് പട്ടാമ്പി ( അപേക്ഷ) | ഗവണ്മെന്റ് കോളേജ് ഫോർ വിമെൻ മലപ്പുറം (നിലവിലെ ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ അടിയന്തിരമായി ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-

**വിഘ്നേശ്വരി വി IAS**

**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്

3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്

4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

5.എ / ബി സെക്ഷൻ സൂപ്രണ്ട്

6.അക്കൗണ്ടന്റ് ജനറൽ എ &ഇ എസ് .എച്ച് മൗണ്ട് റോഡ് ,നാഗമ്പടം ബ്രാഞ്ച് ഓഫീസ് കോട്ടയം

7.കരുതൽ ഫയൽ /ഓഫീസ് ഫയൽ

**// അംഗീകാരത്തോടെ //**

**സൂപ്രണ്ട്**